# വള്ളുവനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്

(Affiliated by : **Coconut Development Board** [Ministry of Agriculture & Farmers Welfare, Government of India]

റജി. നമ്പർ: U.01133KL2013PTC039108

**പടപ്പറമ്പ്, വറ്റലൂർ പി.ഒ., മലപ്പുറം ജില്ല, 676507**

ഫോൺ: 04933 242110, മൊബൈൽ: 9349955093, 9746047181

E-mail: valluvanadcpc@gmail.com, Website : www.valluvanadcoconut.com

പൂർണ്ണമായും കേരകർഷകരുടെ പങ്കാളിത്തത്തോടെ സുതാര്യമായി കേന്ദ്രനാളികേര വികസനബോർഡിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ത്രിതല കർഷക കൂട്ടായ്മയിലൂടെ നടപ്പാക്കി വരുന്ന പദ്ധതിയിൽ താങ്കളും അംഗമാണല്ലോ. അസംഘടിതരായ കേരകർഷകരെ സംഘടിപ്പിച്ച് ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ നാളികേര ഉദ്പാദക സംഘങ്ങളും (സി.പി.എസ്.) ഇത്തരം സംഘങ്ങൾക്ക് നേതൃത്വം നൽകാൻ നാളികേര ഉദ്പാദക ഫെഡറേഷനുകളും (സി.പി.എഫ്.) തുടർന്ന് കേര കർഷകരുടെ അവകാശ ഷെയറുകളുടെ മൂലധനത്തിൽ കേരകർഷകർക്കായി നാളികേര പ്രൊഡ്യൂസർ കമ്പനിയും എന്ന ന്യൂജനറേഷൻ പദ്ധതി രാജ്യമെമ്പാടും കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്രനാളികേര വികസന ബോർഡ് നടപ്പാക്കി വരുന്നതിന്റെ ഭാഗമായി പെരിന്തൽമണ്ണ താലൂക്കിലെ 12 ഫെഡറേഷനുകളെ അഫിലിയേഷൻ നടത്തി രൂപീകൃതമായ പ്രൊഡ്യൂസർ കമ്പനിയാണ് **വള്ളുവനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്** (വി.സി.പി.സി. ലിമിറ്റഡ്).

## എന്താണ് പ്രൊഡ്യൂസർ കമ്പനി

49% കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതവും 51% കേരകർഷക വിഹിതവും എന്ന അനുപാതത്തിൽ Part IX A of the companies Act. 1956 (No. 1 of 1956) U.01133KL2013PTC039108 നമ്പർ പ്രകാരം റജിസ്റ്റർ ചെയ്ത് കമ്പനി രജിസ്ട്രാറുടെ കർശന നിയന്ത്രണത്തിലും നിരീക്ഷണത്തിലും പ്രവർത്തിച്ചുവരുന്നു. കമ്പനിക്ക് പരമാവധി 15 അംഗങ്ങൾ അടങ്ങുന്ന ഡയറക്ടർ ബോർഡും, ചെയർമാൻ, വൈസ് ചെയർമാൻ, എക്സി. ഡയറക്ടർ, മുഴുവൻ സമയ ചീഫ് എക്സി. ഓഫീസർ തുടങ്ങിയവർ ഉണ്ടായിരിക്കും. ഡയറക്ടർ ബോർഡിനെ ഷെയർ ഉടമകളിൽ നിന്നും 5 വർഷം കൂടുമ്പോൾ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കുന്നതാണ്. ഓരോ വർഷവും കമ്പനിയുടെ വരവ്, ചെലവ് കണക്കുകൾ, ഇന്റേണൽ ഓഡിറ്റും, സോഷ്യൽ ഓഡിറ്റും കഴിഞ്ഞ് സാക്ഷ്യപ്പെടുത്തി വാർഷിക ജനറൽബോഡിയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതും നിയമാനുസൃതമായി ഓഹരി ഉടമകൾക്ക് നൽകുന്നതുമാണ്.

## ആനുകൂല്യങ്ങളും ഇടപാടുകളും ഓഹരി ഉടമകൾക്ക് മാത്രം

ഷെയർ ഉടമകളായ കേരകർഷകർ, നാളികേര ഉദ്പാദക സംഘങ്ങൾ, ഫെഡറേഷൻ എന്നിവർക്ക് മാത്രമേ കമ്പനിയുമായി ക്രിയ വിക്രയങ്ങൾ നടത്തുവാൻ അവകാശമുള്ളൂ. അല്ലാത്തവരുടെ ഉൽപന്നങ്ങൾ വാങ്ങുവാനോ, ആനുകൂല്യങ്ങൾ നൽകുവാനോ സാധിക്കുകയില്ല. അതുകൊണ്ട് തന്നെ കമ്പനിക്ക് കീഴിൽ വരുന്ന കർഷകരും ഉദ്പാദക സംഘങ്ങളും ഫെഡറേഷനുകളും കമ്പനിയിൽ അംഗത്വമെടുക്കേണ്ടതാണ്.

## ആർക്കൊക്കെ ഓഹരിയെടുക്കാം.

1. നാളികേര വികസനബോർഡിൽ അഫിലിയേഷൻ ചെയ്ത സി.പി.എസുകൾ, ഫെഡറേഷനുകൾ എന്നിവക്ക് കമ്പനിയിൽ ഷെയറുകൾ എടുക്കാം. തെങ്ങ് ഒന്നിന് 100 രൂപ മുഖവിലയുള്ള സാധാരണ ഷെയറുകൾ 100 ന്റെ ഗുണിതങ്ങളായാണ് എടുക്കേണ്ടത്.
2. **എ. ക്ലാസ് ഓഹരികൾ** : സി.പി.എസുകളിൽ അംഗങ്ങളായ കേരകർഷകർ 25000 രൂപയുടെ എ ക്ലാസ് ഓഹരികൾ ഗുണിതങ്ങളായി സി.പി.എസ് മുഖേനെ എടുക്കാവുന്നതാണ്.

കമ്പനി ഷെയർ സ്വീകരിച്ച് കഴിഞ്ഞാൽ നിശ്ചിത സമയത്ത് ഷെയർ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം യോഗ്യതയുള്ള ഷെയർ ഉടമകൾക്ക് ഇക്വിറ്റീവ് ഓഹരികൾ, ഇൻസ്റ്റിറ്റ്യൂഷണൽ ഓഹരി നിയമപ്രകാരം സി.പി.എസുകൾക്കും, സി.പി.എഫുകൾക്കും 25000 രൂപയുടെ ഗുണിതങ്ങളായി എ ക്ലാസ് ഓഹരികൾ എടുക്കുന്നവർക്ക് മാത്രമേ കമ്പനി ഡയറക്ടർ ബോർഡിലേക്ക് മത്സരിക്കുവനും, വോട്ടുചെയ്യാനും അധികാരമുണ്ടായിരിക്കുകയുള്ളൂ. ഷെയർ സംഖ്യ വള്ളുവനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി എന്നപേരിൽ ചെക്കോ, ഡി.ഡിയോ ആയി സി.പി.എസുകൾ, ഫെഡറേഷൻ മുഖേനെ കമ്പനി സ്വീകരിക്കും.

## പാർട്ട്ണേജ് ബോണസ് :

സാധാരണ ഷെയർ ഉടമകൾക്ക് ലഭിക്കുന്ന ബോണസിന് പുറമെ കമ്പനിയുടെ ദൈനംദിന കാര്യത്തിൽ സജീവ പങ്ക് വഹിക്കുകയും ഇടപാടുകൾ നടത്തുകയും ചെയ്യുന്ന ഷെയർ ഉടമക്ക് പ്രത്യേക പാർട്ട്ണേജ് ബോണസ് നൽകാവുന്നതാണ്.

## അവകാശികൾ/ഓഹരി വിൽപ്പന :

ഷെയർ ഉടമയുടെ മരണാനന്തരം നിർദ്ദേശിക്കുന്ന അവകാശിക്ക് നിയമാനുസൃതം പറയുന്ന തെങ്ങുകൾ സ്വന്തം പേരിലില്ലെങ്കിൽ കമ്പനിയുടെ അംഗത്വം നഷ്ടപ്പെടുന്നതാണ്. അവകാശികൾക്ക് ഷെയർസംഖ്യ മടക്കി നൽകുന്നതാണ്. കമ്പനിയുടെ ഷെയർ കമ്പനിക്ക് പുറത്തുള്ളവർക്ക് വിൽക്കാനുള്ള അവകാശമുണ്ടായിരിക്കുന്നല്ല.

## ഫെഡറേഷനും സി.പി. എസിനും അംഗത്വം

യഥാസമയം സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ കർഷകരിലേക്കെത്തിക്കുവാൻ സി.പി.എസിന്റെയും ഫെഡറേഷന്റെയും പങ്ക് വളരെ വലുതാണ്. ഇതിന് നേതൃത്വം നൽകുന്നവർ കമ്പനിയുടെ ഭരണനേതൃ സ്ഥാനങ്ങളിലെത്തേണ്ടതാണ്. കമ്പനിയുടെ ദൈനംദിന കാര്യങ്ങളിൽ ഇടപെടുന്നതിനും ആനുകൂല്യങ്ങൾ യഥാസമയം കർഷകരിലെത്തിക്കുന്നതിനും സംഘങ്ങൾ കമ്പനിയിൽ അംഗമാകുന്നത് നിർബന്ധമാണ്. നാളികേര വികസന ബോർഡിന്റെ നിർദ്ദേശപ്രകാരം ഓരോ കർഷകനും തെങ്ങ് ഒന്നിന് 100 രൂപ വീതം ഷെയർ എടുക്കേണ്ടതാണ്. ഇത് കർഷകർക്ക് പ്രയാസം കൂടാത്ത രീതിയിൽ തവണകളായി സ്വീകരിച്ച് കമ്പനിയിൽ ഏൽപ്പിക്കുന്ന ഉത്തരവാദിത്വം സി.പി.എസും, സി.പി.എഫും ചെയ്യേണ്ടതാണ്.

## കമ്പനിയുടെ ലക്ഷ്യം

നാളികേര മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനം, സംസ്കരണം, സംഭരണം, വിപണനം നടത്തി പങ്കാളിത്ത കേര കർഷകരെ സാമ്പത്തിക ഉന്നതിയിലേക്ക് നയിക്കുക എന്ന ലക്ഷ്യപ്രാപ്തിക്ക് വേണ്ടി പ്രവർത്തിക്കുന്നു. തുടക്കമെന്ന നിലയിൽ..

1. **നീര** (നീരയിൽ നിന്നും **ഹണി**, **ഷുഗർ**, **മിഠായികൾ**, **ഹലുവ**, **കേക്കുകൾ**)
2. **ശുദ്ധമായ വെളിച്ചെണ്ണ**
3. **വെർജ്ജിൻ കോക്കനട്ട് ഓയിൽ**
4. **കോക്കനട്ട് മിൽക്ക്**
5. **കോക്കനട്ട് ജ്യൂസ്**
6. **കോക്കനട്ട് പൗഡർ**
7. **കോക്കനട്ട് പോയിന്റുകൾ (എല്ലാ ടൗണുകളിലും ഷോപ്പുകൾ)**
8. **നഴ്സറികൾ (കുറിയയിനം തെങ്ങിൻതൈകൾ)** മുതലായവ

## കമ്പനിയിൽ അഫിലിയേഷൻ ചെയ്തിട്ടുള്ള ഫെഡറേഷനുകളും, ഡയറക്ടേഴ്സും

| | ഫെഡറേഷൻ | ഡയറക്ടർ | ഫോൺ നമ്പർ |
|---|---|---|---|
| 1. | കുറുവ പഞ്ചായത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി | യു. കുഞ്ഞിമുഹമ്മദ് | 9349955093 |
| 2. | കൂട്ടിലങ്ങാടി പഞ്ചായത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി | കെ.പി. മുഹമ്മദ് (മാനു) | 9895574018 |
| 3. | മക്കരപ്പറമ്പ് പഞ്ചായത്ത് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ | കെ. മുഹമ്മദാലി മാസ്റ്റർ | 9946017996 |
| 4. | കിഴാറ്റൂർ ഗ്രാമപഞ്ചായത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി | അമ്പാട്ട് ഉമ്മർ | 9747930402 |
| 5. | അങ്ങാടിപ്പുറം ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി | സക്കീർ ഹുസൈൻ | 9846386788 |
| 6. | അങ്ങാടിപ്പുറം പഞ്ചായത്ത് നാളികേര ഉൽപാദക ഫെഡറേഷൻ | പുതിയങ്ങാടി ബാപ്പുട്ടി | 9746047181 |
| 7. | ഏലംകുളം പഞ്ചായത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി | ഉസ്മാൻ പുന്നശ്ശേരി | 9446471324 |
| 8. | കുന്നക്കാവ് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി | എൻ. വാസുദേവൻ | 9447790700 |
| 9. | പുഴക്കാട്ടിരി പഞ്ചായത്ത് നാളികേര ഉൽപാദക ഫെഡറേഷൻ | സാദിഖ് അലി കെ.പി. | 9544158687 |
| 10. | പുലാമന്തോൾ പഞ്ചായത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി | ഉമറുദ്ദീൻ എം.കെ. | 9846780234 |
| 11. | മൂർക്കനാട് പഞ്ചായത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി | എൻ. മൊയ്തീൻ മാസ്റ്റർ | 9446629040 |
| 12. | താഴെക്കോട് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ | അയമു പി.കെ. (മാനു) | 9562883137 |

ചെയർമാൻ : **യു. കുഞ്ഞിമുഹമ്മദ്, 9349955093**
വൈസ് ചെയർമാൻ : **പുതിയങ്ങാടി ബാപ്പുട്ടി, 9746047181**
സെക്രട്ടറി : **ആഷിഖ് സമീർ അസോസിയേറ്റ്സ്, കോഴിക്കോട്**
ഓഡിറ്റർ : **വി.എം. സുനിൽകുമാർ & കമ്പനി** (ചാർട്ടേർഡ് അക്കൗണ്ടന്റ്, പെരിന്തൽമണ്ണ)

---

വള്ളുവനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് തുടർന്നും താങ്കളുടെ എല്ലാവിധ സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

എന്ന്,

**യു. കുഞ്ഞിമുഹമ്മദ്** (ചെയർമാൻ, വി.സി.പി.സി. ലിമിറ്റഡ്)